# KSFE ജീവനക്കാരുടെ
# HO മാർച്ചും ധർണ്ണയും
## 25-4-2016 (തിങ്കൾ) രാവിലെ 10 ന്

## ആവശ്യങ്ങൾ

**1. CASBA അട്ടിമറിയ്ക്കാനുള്ള നീക്കത്തിൽ നിന്നും മാനേജ്മെന്റ് പിന്തിരിയുക പ്രശ്നം ചർച്ച ചെയ്യാൻ സംഘടനാ യോഗം വിളിക്കുക**

KSFE online ആക്കുന്നതിന്റെ സുപ്രധാനഘട്ടമായ CASBA പൊളിച്ചടുക്കുകയാണ് മാനേജ്മെന്റ്. ആസൂത്രണത്തിന്റെ അഭാവവും ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെയുള്ള തീരുമാനങ്ങളും കെടുകാര്യസ്ഥതയുമാണ് ഈ ദുഃസ്ഥിതിയ്ക്ക് കാരണം. Software-ന്റെ പരിമിതിയാണോ? Connectivity പ്രശ്നമാണോ? വ്യക്തതയില്ലാത്ത മാനേജ്മെന്റ് സമീപനം മൂലം ജീവനക്കാരും ഇടപാടുകാരും ഒരേപോലെ വട്ടം തിരിയുകയാണ്.

പ്രശ്നം ചർച്ചചെയ്യാൻ സംഘടനാ യോഗം വിളിയ്ക്കണമെന്ന ആവശ്യത്തിൻമേലും മാനേജ്മെന്റ് പിന്തിരിഞ്ഞുനിൽക്കുകയാണ്. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത വെളിച്ചത്തുവരുമെന്ന ഭയമാണ് മാനേജ്മെന്റിന്. നിലവിലുള്ള CASBA ശാഖകളിലെ പ്രശ്നം പരിഹരിക്കുന്നതിന് യാതൊരു ആത്മാർത്ഥമായ ശ്രമവുമില്ലെന്ന് മാത്രമല്ല കൂടുതൽ ശാഖകളിലേക്ക് വ്യാപിപ്പിച്ച് കൂട്ടക്കുഴപ്പത്തിലാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത് . ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെയും മറ്റുവിദഗ്ദ്ധരുടെയും അഭിപ്രായത്തിൽ മാനേജ്മെന്റ് മുമ്പാകെ ഞങ്ങൾ വ്യക്തമായ ചില നിർദ്ദേശങ്ങൾ വയ്ക്കുകയാണ്.

1. 2015-16 ന്റെ Pre-audit എങ്കിലും പൂർത്തിയാക്കിയതിനു ശേഷം മാത്രമേ ഇനി പുതിയ ശാഖകളിലേക്ക് CASBA വ്യാപിപ്പിക്കാവൂ.
2. ഇപ്പോഴുള്ള 136 ശാഖകളിലെ Closing Work CASBA യിലൂടെ പൂർത്തിയാക്കി report 100% ശരിയാണെന്ന് ഉറപ്പുവരുത്തുക.
3. CASBA Software പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുക. Stable ആയി പ്രവർത്തിക്കുന്നത് ഉറപ്പുവരുത്തുക
4. IDC Server 9 എണ്ണം വാടകയ്ക്കെടുത്തിട്ടുണ്ടെങ്കിലും ഇപ്പോഴും 2 എണ്ണം മാത്രമെ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളൂ. Processor Speed വർദ്ധിപ്പിക്കുന്നതിന് 4 core നിന്നും 8 Core ആക്കി Software Application-ലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക.

5. ഒരു Expert Agency യെകൊണ്ട് സമഗ്രമായ System Study നടത്തി റിപ്പോർട്ട് സംഘടനകളുമായി ചർച്ചചെയ്യുക

6. AMC സംബന്ധിച്ച വിഷയങ്ങൾ അടിയന്തിരമായി പരിഹരിക്കുക. ഏകപക്ഷീയമായി AMC അവസാനിപ്പിച്ച കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കുക.

സ്ഥാപനത്തിന്റെ Online പ്രവർത്തനത്തിന് അവിശ്രമം പ്രവർത്തിക്കുന്ന ജീവനക്കാരെ പീഢിപ്പിയ്ക്കുന്ന സമീപനം അംഗീകരിയ്ക്കാനാവില്ല. CASBA പ്രശ്നം സംഘടനകളുമായി ചർച്ചചെയ്ത് Online പ്രവർത്തനം സുഗമമാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

## 2. KSFE ജീവനക്കാരുടെ ശമ്പളപരിഷ്കരണം അട്ടിമറിയ്ക്കപ്പെടുമോ?

ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവ് വൈകുകയാണ്. അടുത്തവർഷം സർക്കാരിലേയ്ക്ക് നൽകാനുള്ള സർവീസ് ചാർജ്ജും മറ്റും മുൻകൂട്ടി സർക്കാരിലേയ്ക്കടച്ച് വിധേയത്വം കാണിക്കുന്ന മാനേജ്മെന്റ് ഇക്കാര്യത്തിൽ മറുപടി പറയാൻ ബാധ്യസ്ഥമാണ്. ശമ്പള പരിഷ്കരണം തന്നെ അട്ടിമറിയ്ക്കപ്പെടുമോയെന്ന ആശങ്കയിലാണ് ജീവനക്കാർ. സർക്കാരിന്റെയും മാനേജ്മെന്റിന്റെയും നെറികേടിനെതിരെ സമരമല്ലാതെ മറ്റുമാർഗ്ഗമില്ല.

## 3. ബോണസ് ആക്ട് ഭേദഗതി. 2014-15 ലെ ബോണസ് പുതുക്കി നൽകുക.

ബോണസ് ആക്ടിൽ കേന്ദ്രസർക്കാർ 2015 ഏപ്രിൽ മുതൽ മുൻകാലപ്രബല്യത്തോടെ വരുത്തിയ ഭേദഗതിപ്രകാരം KSFE ജീവനക്കാരുടെ 2014-15 ലെ ബോണസ് പുതുക്കി നൽകേണ്ടതുണ്ട്. ഒന്നാം UPA ഭരണകാലയളവിൽ (2007-ൽ) വരുത്തിയ ഭേദഗതി പ്രകാരം, KSFE ജീവനക്കാർക്കും ബോണസ് പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്ത കീഴ്‌വഴക്കവുംസ്ഥാപനത്തിനുണ്ട്. ഇതു സംബന്ധിച്ച് ചർച്ച വിളിയ്ക്കാനോ ബോണസ് പുതുക്കി നൽകാനോ യാതൊരു നടപടിയും മാനേജേമെന്റ് സ്വീകരിക്കുന്നില്ല.

## 4. ബൈ ട്രാൻസ്ഫർ പ്രമോഷൻ : യോഗ്യത നേടിയ എല്ലാ ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്കും പ്രമോഷൻ നൽകുക.

പ്രമോഷൻ ടെസ്റ്റ് ക്വാളിഫൈ ചെയ്ത 83 ജീവനക്കാരുടെ ലിസ്റ്റ് പബ്ലിക് സർവീസ് കമ്മീഷൻ 15.3.2016 - ന് പ്രസിദ്ധീകരിച്ചു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച്. ഇവർക്ക് പ്രമോഷൻ നൽകുന്നതിനുള്ള യാതൊരു നടപടിയും മാനേജ്മെന്റ് സ്വീകരിക്കുന്നില്ല. 8 വർഷത്തിലധികം സർവീസുള്ള ജീവനക്കാരുടെ അർഹമായ പ്രമോഷൻ താമസിപ്പിക്കുന്ന മാനേജ്മെന്റ് നിലപാട് ക്രൂരമാണ്.

## 5. KSFE മാനേജ്മെന്റിന്റെ അഴിമതിയും ധൂർത്തും അന്വേഷണവിധേയമാക്കുക.

അഴിമതിയും ധൂർത്തും അലങ്കാരമാക്കി മാറ്റിയ ഇതുപോലൊരു മാനേജ്മെന്റ് മുമ്പുണ്ടായിട്ടില്ല. നിയമനം, സ്ഥലംമാറ്റം, കെട്ടിടം വാടകപുതുക്കൽ, കെട്ടിടം വാടക നിശ്ചയിയ്ക്കൽ എന്നിങ്ങനെ സമസ്തമേഖലകളിലും അഴിമതി വ്യാപിച്ചു. KSFE യിലെ അഴിമതിയും ധൂർത്തും സ്വതന്ത്ര ഏജൻസിയുടെ അന്വേഷണത്തിന് വിധേയമാക്കണമെന്നാവശ്യപ്പെടുന്നു.

മേൽസൂചിപ്പിച്ച അഞ്ച് സുപ്രധാന ആവശ്യങ്ങൾ ഉയർത്തികൊണ്ട് നടക്കുന്ന HO മാർച്ചിലും ധർണയിലും എല്ലാവിഭാഗം ജീവനക്കാരുടെയും പിന്തുണയും സാന്നിദ്ധ്യവും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

അഭിവാദനങ്ങളോടെ,

**മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി KSFESA

**തോമസ് പണിക്കർ**
ജനറൽ സെക്രട്ടറി KSFEOU